## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1340 — 30.09.2011 - ൽ മറുപടിയ്ക്ക്

## കാർഷിക രംഗത്തെ വളർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷികരംഗത്തെ വളർച്ചയ്ക്ക് വേണ്ടി ഈ സർക്കാർ ഇതിനകം ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ ; | (എ) (എ) 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കാർഷിക മൊത്ത വ്യാപാര വിപണികളിൽ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നു.<br>(ബി) ഓണത്തിന് പച്ചക്കറി ലഭ്യത ഉറപ്പ് വരുത്താൻ ഓണക്കാഴ്ച പദ്ധതി.<br>(സി) വയനാട് ജില്ലയിൽ കാർഷിക സുരക്ഷ ഉറപ്പുവരുത്താൻ വയനാടിന് നവജീവൻ.<br>(ഡി) നെല്ലിന്റെ സംഭരണ വില കിലോക്ക് 14-ൽ നിന്നും 15 ആയി ഉയർത്തി.<br>എന്നീ പരിപാടികൾ ഇതിനകം നടപ്പിലാക്കി. ഇതു കൂടാതെ 2011-12 വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 509.3 കോടി രൂപയുള്ള വിവിധ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയും വരുന്നു. |
| ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തെങ്കിലും വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) 2011-12 ൽ നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിതോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. വിദ്യാർത്ഥികളിൽ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധനം ഉണ്ടാക്കുന്നതിനായിട്ടാണ് ഈ ഘടകം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 500 വിദ്യാലയങ്ങൾക്ക് 2500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. |

| | | |
|---|---|---|
| കാർഷിക രംഗത്തെ സഹായങ്ങൾ യഥാസമയം അർഹരായ കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയ്ക്കുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് നേരിട്ടോ, അവരുടെ ബാങ്ക് അക്കൗണ്ട് മുഖേനയോ നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അവലോകനം യഥാസമയം വിവിധതലങ്ങളിൽ നടത്തുന്നു. |

സെക്ഷൻ ഓഫീസർ